**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2651** **02-08-2021 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ പുഴ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | 2019, 2020 വർഷങ്ങളിൽ കോട്ടക്കൽ നിയോജകമണ്ഡലത്തിൽ നിന്നും പുഴയുടെ സംരക്ഷണഭിത്തി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | (എ) | എഴ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട് |
| (ബി) | റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും 2019, 2020, 2021 വർഷങ്ങളിൽ പുഴ സംരക്ഷണഭിത്തിയുമായി ബന്ധപ്പെട്ട് അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | 1) സ.ഉ(സാധാ) നം.731/2019 തീയതി 01.03.2019 നം.സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച പ്രവൃത്തികൾ (എ) മമ്പാട് ഗ്രാമപഞ്ചായത്തിലെ വള്ളിക്കെട്ട് കുടിവെള്ള പദ്ധതിക്ക് സമീപം കുതിരപ്പുഴയുടെ ഇടതുകര സംരക്ഷണം (45.70 ലക്ഷം) (ബി) കോഡൂർ ഗ്രാമപഞ്ചായത്തിലെ നൂറാടി പാലത്തിനു താഴെ ചോളശ്ശേരി കടവിൽ കടലുണ്ടിപ്പുഴയിൽ സംരക്ഷണ ഭിത്തി നിർമ്മാണം (55.00 ലക്ഷം) 2) സ.ഉ(സാധാ) നം.2754/2019 തീയതി 02.10.2019 നം.സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച പ്രവൃത്തികൾ (എ) മലപ്പുറം മുനിസിപ്പാലിയിലെ വാർഡ് 13,14 ശാന്തി നഗറിൽ കടലുണ്ടിപ്പുഴയുടെ വലത്കര സംരക്ഷണം (51.59 ലക്ഷം) (ബി) മലപ്പുറം മുനിസിപ്പാലിയിലെ 13-ാം വാർഡിലെ കാളമ്പാടിയിൽ കടലുണ്ടിപ്പുഴയുടെ വലത്കര സംരക്ഷണം (46.40 ലക്ഷം) (സി) പറപ്പൂർ പഞ്ചായത്തിലെ 1-ാം വാർഡിൽ ഇല്ലിപ്പലാക്കലിൽ കടലുണ്ടിപ്പുഴയുടെ വലത്കര സംരക്ഷണം (23.51 ലക്ഷം) (ഡി) എ. ആർ നഗർ പഞ്ചായത്തിൽ 19-ാം വാർഡിലെ മൂഴിക്കലിൽ (293-സി) വീടിനോട് ചേർന്ന് കടലുണ്ടിപ്പുഴയുടെ വലത്കര സംരക്ഷണം (40.00 ലക്ഷം) (ഇ) എ. ആർ നഗർ പഞ്ചായത്തിൽ 19-ാം വാർഡിലെ മമ്പുറം പുതിയ പാലത്തിന് മേൽ ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലത്കര സംരക്ഷണം (17.00 ലക്ഷം) (എഫ്) എ. ആർ നഗർ ഗ്രാമ പഞ്ചായത്തിൽ മൂഴിക്കൽ കോളനിയിൽ പി. എം. ജാഫർ എന്നവരുടെ വീടിനോടു ചേർന്ന് (റീസർവ്വേ നം.226/14) കടലുണ്ടിപ്പുഴയുടെ ഇടത്കര സംരക്ഷണം (31.00 ലക്ഷം) (ജി) പരപ്പനങ്ങാടി |

| | | | |
|---|---|---|---|
| | | | മുനിസിപ്പാലിറ്റി നെട്ടുവ വില്ലേജ് ഉള്ളണം ലാക്കൽ പ്രദേശത്ത് കടലുണ്ടിപ്പുഴയുടെ ഇടത്കര സംരക്ഷണം (60.00 ലക്ഷം) (എച്ച്) വാഴക്കാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 5, റീസർവ്വേ നം.23/1 വാഴക്കാട് ആമക്കോടിൽ ചാലിയാർ പുഴയുടെ ഇടത്കര സംരക്ഷണം (52.00 ലക്ഷം) (ഐ) വഴിക്കടവ് ഗ്രാമ പഞ്ചായത്തിലെ ശ്രീമതി പത്മജ w/o സത്യൻ എന്നവരുടെ സ്ഥലത്ത് കലക്കൻ പുഴയുടെ ഇടത് കരയിലും വലത് കരയിലും സംരക്ഷണ ഭിത്തി നിർമ്മാണം (18.50 ലക്ഷം) (ജെ) പുത്തൂർ ഗ്രാമ പഞ്ചായത്തിലെ കുറ്റിക്കാട്ട് കടവിന്റെ താഴത്ത് ഭാരതപ്പുഴയുടെ വലത്കര സംരക്ഷണം രണ്ടാം ഘട്ടം (51.00 ലക്ഷം) (കെ) കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപ്പാറയ്ക്ക് സമീപം ചെങ്ങണക്കടവിന് മേൽ ഭാഗത്ത് ഭാരതപ്പുഴയുടെ വലത്കര സംരക്ഷണം രണ്ടാം ഘട്ടം (25.00 ലക്ഷം) |
| (സി) | 2020 -ൽ സംസ്ഥാനതല സമിതിയിലേയ്ക്ക് കളക്ടർ ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കുമോ; | (സി) | ഒന്നും ശുപാർശ ചെയ്തിട്ടില്ലാത്തതാണ് . |
| (ഡി) | 2020, 2021 വർഷങ്ങളിൽ സർക്കാർ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഡി) | ഒന്നും അനുവദിച്ചിട്ടില്ലാത്തതാണ് . |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - റിവർ മാനേജ്മെന്റ് ഫണ്ട് - മലപ്പുറം ജില്ലയിലെ നദീതീര സംരക്ഷണ പ്രവൃത്തികൾ - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (പി) വകുപ്പ്

സ.ഉ.(സാധാ) നം. 731/2019/റവന്യൂ തിരുവനന്തപുരം, തീയതി , 01.03.2019

പരാമർശം:- 1. 3.11.2017-ൽ ചേർന്ന State High Level Committee യോഗത്തിന്റെ നടപടിക്കുറിപ്പ്.

2. 7.01.2019-ലെ മലപ്പുറം ജില്ലാ കളക്ടറുടെ DM4/210780/2018 നമ്പർ കത്ത്.

**ഉത്തരവ്**

3.11.2017-ൽ നടന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ മലപ്പുറം ജില്ലയിലെ 2 നദീതീര സംരക്ഷണ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ചില മാറ്റങ്ങൾ ഉൾകൊള്ളിച്ച് കൊണ്ട് പുനഃ സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത യോഗത്തിന്റെ തീരുമാന പ്രകാരം ടി പ്രൊപ്പോസലുകൾ സമിതി ആവശ്യപ്പെട്ട മാറ്റങ്ങൾ ഉൾപ്പെടുത്തി കൊണ്ട് പരാമർശം (2) മുഖേന വീണ്ടും മലപ്പുറം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു

| നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | മമ്പാട് ഗ്രാമ പഞ്ചായത്തിലെ വള്ളികെട്ട് കുടിവെള്ള പദ്ധതിക്ക സമീപം കുതിരപ്പുഴയുടെ ഇടതു കര സംരക്ഷണം | 45.70 ലക്ഷം രൂപ |
| 2 | കോഡൂർ ഗ്രാമ പഞ്ചായത്തിലെ ന്യൂറടി പാലത്തിനു താഴെ | 55.00 ലക്ഷം രൂപ |

| | | |
|---|---|---|
| | ചോളശ്ശേരി കടവിൽ കടലുണ്ടി പുഴയിൽ സംരക്ഷണ ഭിത്തി നിർമ്മാണം | |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ മേൽ പറഞ്ഞ 2 നദീസംരക്ഷണപ്രവൃത്തികൾക്ക് അടുത്ത സംസ്ഥാന ഉന്നതതല സമിതിയുടെ സാധൂകരണത്തിനു വിധേയമായി ഭരണാനുമതി നൽകി ഉത്തരവാകുന്നു. ടി പ്രവൃത്തികളുടെ നടത്തിപ്പ് മലപ്പുറം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാണ്. കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങൾ, ചട്ടം 19 & 20, കർശനമായി പാലിക്കുന്നുണ്ടെന്നും ജില്ലാ കളക്ടർമാർ പ്രവൃത്തിയുടെ പുരോഗതി ഉറപ്പ് വരുത്തേണ്ടതും സമയാസമയങ്ങളിൽ പരിശോധിക്കേണ്ടതുമാണ്

3) മേൽ പ്രവൃത്തികൾ നടത്തുന്നതിന് ആവശ്യമായ തുക മലപ്പുറം ജില്ലാ കളക്ടറുടെ റിവർ മാനേജ്മെന്റ് ഫണ്ട് അക്കൗണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. കൂടാതെ മേൽ പ്രവൃത്തികൾ ഈ ഉത്തരവ് പുറപ്പെടുവിച്ച് ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ജെ ബെൻസി**

**അഡിഷണൽ സെക്രട്ടറി**

ജില്ലാ കളക്ടർ, മലപ്പുറം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.
ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

**File No.REV-P3/106/2019-REV**

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മലപ്പുറം ജില്ലയിലെ 11 നദീ തീര സംരക്ഷണ പ്രവൃത്തികൾക്കു ഭരണാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു

**റവന്യൂ (പി) വകുപ്പ്**

**സ.ഉ.(സാധാ) നം.2754/2019/റവ.** തീയതി,തിരുവനന്തപുരം, 02/10/2019

പരാമർശം:- 1 24.05.19-ലെ നമ്പർ മലപ്പുറം ജില്ലാ കളക്ടറുടെ DM 4/60127/2010 കത്തുകൾ

2 08.08.2019-ലെ ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

29.01.2019-ലെ സംസ്ഥാന ഉന്നതതല സമിതിയിൽ ഉൾപ്പെടുത്തിയിരുന്നതും സബ്കമ്മിറ്റി അംഗങ്ങൾ സ്ഥലപരിശോധന നടത്തി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം(1) പ്രകാരം മലപ്പുറം ജില്ലയിലെ 11 നദീ തീര സംരക്ഷണ പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. ടി പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1. | മലപ്പുറം ജില്ലയിലെ, മലപ്പുറം മുൻസിപ്പാലിറ്റിയിലെ വാർഡ് 13,14 ശാന്തി നഗറിൽ കടലുണ്ടി പുഴയുടെ വലതു കര സംരക്ഷണം | 51.59 ലക്ഷം |
| 2. | മലപ്പുറം ജില്ലയിലെ മലപ്പുറം മുൻസിപ്പാലിറ്റിയിൽ 13 വാർഡിലെ കാളമ്പാടിയിൽ കടലുണ്ടി പുഴയുടെ വലതു കര സംരക്ഷണം | 46.40 ലക്ഷം |
| 3 | മലപ്പുറം ജില്ലയിലെ പറപ്പൂർ പഞ്ചായത്തിൽ ഒന്നാം വാർഡിൽ ഇല്ലിപുലാക്കലിൽ കടലുണ്ടി പുഴയുടെ വലതു കര സംരക്ഷണം | 23.51 ലക്ഷം |
| 4 | എ ആർ നഗർ പഞ്ചായത്തിൽ 19 വാർഡിൽ മൂഴിക്കലിൽ (293 C വീടിനോട് ചേർന്ന്) കടലുണ്ടി പുഴയുടെ വലതു കര സംരക്ഷണം | 40 ലക്ഷം |
| 5 | എ ആർ നഗർ പഞ്ചായത്തിൽ 19 വാർഡിൽ മമ്പുറം പുതിയ പാലത്തിനു മേൽ ഭാഗത്തു കടലുണ്ടി പുഴയിൽ വലതു കര സംരക്ഷണം | 17 ലക്ഷം |
| 6 | എ.ആർ നഗർ ഗ്രാമ പഞ്ചായത്തിൽ മൂഴിക്കൽ കോളനിയിൽ പി എം ജാഫർ എന്നവരുടെ വീടിനോട് ചേർന്ന് (റീസർവ്വേ നമ്പർ. 226 /14) കടലുണ്ടി പുഴയുടെ വലതു കര സംരക്ഷണം | 31 ലക്ഷം |
| 7 | പരപ്പനങ്ങാടി മുൻസിപ്പാലിറ്റിയിൽ നെടുവ വില്ലേജിൽ ഉള്ളണം ലാക്കൽ പ്രദേശത്തു കടലുണ്ടി പുഴയുടെ ഇടതു കര സംരക്ഷണം | 60 ലക്ഷം |
| 8 | വാഴക്കാട് ഗ്രാമ പഞ്ചായത്തിൽ വാർഡ് - 5, റീസർവ്വേ നമ്പർ.2 3 /1, വാഴക്കാട് ആമകോടിൽ ചാലിയാർ പുഴയുടെ ഇടതു കര സംരക്ഷണം | 52 ലക്ഷം |

| | | |
|---|---|---|
| 9 | മലപ്പുറം ജില്ലയിലെ വഴിക്കടവ് ഗ്രാമ പഞ്ചായത്തിൽ ശ്രീമതി പത്മജ W/O സത്യൻ എന്നവരുടെ സ്ഥലത്തു കലക്കൻ പുഴയുടെ ഇടതുകരയിലും വലതുകരയിലും സംരക്ഷണ ഭിത്തി നിർമ്മാണം | 18.50 ലക്ഷം |
| 10 | മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമ പഞ്ചായത്തിൽ കുറ്റിക്കാട്ട് കടവിന്റെ താഴ് ഭാഗത്തു ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം- രണ്ടാം ഘട്ടം | 51 ലക്ഷം രൂപ |
| 11 | മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപ്പാറയ്ക്ക് സമീപം ചെങ്ങണകടവിന് മേൽ ഭാഗത്തു ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം - രണ്ടാം ഘട്ടം | 25 ലക്ഷം രൂപ |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(2) പ്രകാരം 08.08.2019-ലെ ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ ടി പ്രവൃത്തികളുടെ പുതുക്കിയ എസ്റ്റിമേറ്റുകൾ പരിശോധിക്കുകയും ടി പ്രവർത്തികൾ സമിതി അംഗീകരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ചിരിക്കുന്ന മലപ്പുറം ജില്ലയിലെ 11 നദീ തീര സംരക്ഷണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. ടി പ്രവൃത്തികളുടെ നടത്തിപ്പ് മലപ്പുറം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാണ്. 2002 -ലെ കേരള നദീ തീരാ സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 19 & 20 എന്നിവ കർശനമായി പാലിക്കേണ്ടതും, ജില്ലാ കളക്ടർമാർ ടി പ്രവൃത്തികളുടെ പുരോഗതി ഉറപ്പ വരുത്തേണ്ടതും സമയാസമയങ്ങളിൽ പരിശോധിക്കേണ്ടതുമാണ്.

4. മേൽ പ്രവൃത്തികൾ നടത്തുന്നതിന് ആവശ്യമായ തുക മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണ്. മേൽ പ്രവൃത്തികൾ ഈ ഉത്തരവ് പുറപ്പെടുവിച്ച ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബെൻസി.ജെ
അഡീഷണല് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, മലപ്പുറം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഐ & പി. ആർ. ഡി വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ